**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4600** | **29-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ മരക്കപ്പാടം കാപ്പ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല മരക്കപ്പാടം കാപ്പ് നവീകരണം എന്ന പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (എ) | തെന്നല ഗ്രാമപഞ്ചായത്തിലെ മരക്കപ്പാടം കാപ്പ് നവീകരണം എന്ന പ്രവർത്തിയ്ക്ക് വേണ്ടി എസ്റ്റിമേറ്റ് തുകയായ 2 കോടി രൂപയുടെ 20% തുകയായ 40,00,000/- രൂപ ബഡ്ജറ്റിൽ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 08/02/2021-ലെ GO(Rt)No.90/2021/WRD പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകു കയും 23/06/2021-ലെ Order No.MIDM pm2021-22/1268/2020/2022IA പ്രകാരം 2 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും തുടർന്ന് 23/06/2021ന് ഇ ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. തെന്നല ഗ്രാമപഞ്ചായത്ത് മെമ്പറായ ശ്രീ.മുഹമ്മദ്കുട്ടി പ്രസ്തുത പദ്ധതി പ്രദേശം റീസർവ്വെ ചെയ്ത് കൈയ്യേറ്റമുണ്ടെങ്കിൽ ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിനു ശേഷം മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാവൂ എന്നും പരാതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിയുടെ നിജസ്ഥിതി അന്വേഷിക്കുന്നതിനായി ടെണ്ടർ നടപടികൾ താൽകാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. ടി പരാതിയുടെ അടിസ്ഥാനത്തിൽ മേൽ പദ്ധതി പ്രദേശം റീസർവ്വെ ചെയ്ത്അതിർത്തി നിർണ്ണയി ക്കുന്നതിനായി തിരൂരങ്ങാടി താലൂക്ക്തഹസിൽദാർക്ക് (ഭൂരേഖ) കത്ത് നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ